LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ റേഷൻ വിതരണം

284 (284) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹികമായും സാമ്പത്തികമായും ഏറ്റവും പിന്നോക്കം നിൽക്കുന്നവർക്കുള്ള എ.എ.വൈ. കാർഡിനുള്ള പച്ചരി വിതരണം കാസർഗോട് ജില്ലയിൽ മുടങ്ങിയിട്ട് മൂന്ന് വർഷത്തിലധികമായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. എഫ്.സി.ഐ.-യിൽനിന്നുള്ള സ്റ്റോക്കിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് പച്ചരി വിതരണം നടത്തുന്നത്. പച്ചരിയുടെയും പുഴുക്കലരിയുടെയും എഫ്.സി.ഐ. ഡിപ്പോകളിൽനിന്നുള്ള സ്റ്റോക്കിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിലാണ് ഓരോ വിഭാഗത്തിനുമുള്ള ഇനം തിരിച്ചുള്ള അരിയുടെ അളവ് നിശ്ചയിക്കുന്നത്.

(സി) ജില്ലയിൽ എത്ര റേഷൻ കാർഡുകളും ഉപഭോക്താക്കളുമാണുള്ളത്; ഇതിൽ എ.എ.വൈ. വിഭാഗത്തിൽപ്പെട്ട എത്ര കാർഡുകളും ഉപഭോക്താക്കളുമുണ്ടെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ ആകെ 328781 കാർഡുകളിലായി 1448239 ഗുണഭോക്താക്കളാണുള്ളത്. 31075 എ.എ.വൈ. കാർഡുകളിലായി 129457 ഗുണഭോക്താക്കളുമാണുള്ളത്.

(ഡി) നിലവിൽ മുൻഗണനാവിഭാഗമായ പിങ്ക് കാർഡിലെ ഒരംഗത്തിന് ഒരു കിലോഗ്രാം വീതം കൃത്യമായി ലഭിക്കുന്ന പച്ചരി മറ്റുള്ള കാർഡുകൾക്ക് എന്തുകൊണ്ട് ലഭിക്കുന്നില്ലെന്ന് വ്യക്തമാക്കാമോ?

എല്ലാ വിഭാഗത്തിനും പച്ചരി ലഭ്യമാകത്തക്ക രീതിയിൽ വിതരണം ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഇ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരിച്ച് കുത്തരിയാക്കി റേഷൻ കടകൾവഴി വിതരണം ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സപ്ലൈകോ) നെല്ല് സംഭരിച്ച് കുത്തരിയാക്കി കാസർകോഡ്, വയനാട് എന്നിവ ഒഴികെയുള്ള ജില്ലകളിൽ വിതരണത്തിനായി നൽകുന്നുണ്ട്.

(എഫ്) കാസർകോട് ജില്ലയിൽ നാളിതുവരെ ഒരു റേഷൻ കടയിലും കുത്തരി വിതരണത്തിനെത്തിയില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാരമെന്ന നിലയിൽ എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. സി.എം.ആർ. അരിയുടെ ലഭ്യത, ആവശ്യകത, ഭക്ഷ്യധാന്യങ്ങളുടെ സമയബന്ധിതമായ വിട്ടെടുപ്പ്, കടത്തുകൂലിയിനത്തിൽ സർക്കാരിന് കൂടുതൽ സാമ്പത്തിക ബാദ്ധ്യത എന്നിവയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിച്ചുവരുന്നു.

റേഷൻ വാതിൽപ്പടി വിതരണം

285 (285) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വാതിൽപ്പടി വിതരണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

2017 മാർച്ച് മാസം മുതൽ സംസ്ഥാനത്ത് വാതിൽപ്പടി വിതരണം ആരംഭിച്ചിട്ടുണ്ട്. സപ്ലൈകോയാണ് ഇതിന്റെ നോഡൽ ഏജൻസി.

(ബി) ഈ സർക്കാർ കാലയളവിൽ മുൻഗണനാ വിഭാഗത്തിൽപ്പെട്ട എത്ര കാർഡുടമകൾ അവർക്ക് അനുവദിക്കപ്പെട്ട കാർഡുകൾ മുൻഗണനേതര വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിന് അപേക്ഷിച്ചിട്ടുണ്ട്?

75,263.

(സി) മുൻഗണനേതര വിഭാഗത്തിൽനിന്ന് മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറുന്നതിനായി എത്ര അപേക്ഷകൾ ഈ കാലയളവിൽ ലഭിച്ചിട്ടുണ്ട്?

1,76,097.

(ഡി) റേഷൻ വിതരണവുമായി ബന്ധപ്പെട്ട് റേഷൻ കടയുടമകൾക്ക് എത്ര രൂപ ഇനിയും നൽകാനുണ്ടെന്ന് വിശദമാക്കുമോ?

റേഷൻ വിതരണവുമായി ബന്ധപ്പെട്ട കമ്മീഷൻ 2021 ആഗസ്റ്റ് മാസംവരെ വിതരണം ചെയ്തിട്ടുണ്ട്. സെപ്റ്റംബറിൽ നൽകേണ്ട തുക കണക്കാക്കി വരുന്നതേയുള്ളൂ.

(ഇ) ഭക്ഷ്യക്കിറ്റ് വിതരണത്തിൽ എത്ര കാർഡുടമകൾ കിറ്റ് വാങ്ങാതിരിക്കുകയോ നിരസിക്കുകയോ താല്പര്യമില്ലായ്മ പ്രകടിപ്പിക്കുകയോ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത കിറ്റുകൾ ഏത് രീതിയിൽ വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ?

8 റേഷൻ കാർഡുടമകൾ സൗജന്യ കിറ്റ് ആവശ്യമില്ലെന്ന് സ്വമേധയാ അറിയിച്ചിട്ടുണ്ട്; ഓരോ മാസങ്ങളിലെയും ഭക്ഷ്യക്കിറ്റുകളുടെ വിതരണത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly